**സഭയിൽ പ്രേഷിതാഭിമുഖ്യങ്ങൾ സജീവവും ശക്തവുമാക്കാൻ മിഷൻ വർഷാചരണം ഫലപ്രദമാക്കണമെന്ന് സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരിൽ**



സഭയിൽ പ്രേഷിതാഭിമുഖ്യങ്ങൾ സജീവവും ശക്തവുമാക്കാൻ മിഷൻ വർഷാചരണം ഫലപ്രദമാക്കണമെന്ന് സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരിൽ ആഹ്വാനം ചെയ്തു. 2011 ആഗസ്റ്റ് 15 മുതൽ 2012 ആഗസ്റ്റുവരെ സീറോമലബാർ ആചരിക്കുന്ന മിഷൻ വർഷാചരണത്തിനു രൂപം നൽകുന്നതിനു ഒന്നിച്ചുകൂടിയ രൂപതാസന്ന്യാസസഭാ പ്രതിനിധികളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ ജോർജ്ജ് ആലഞ്ചേരിൽ.

ഭാരതീയവും പൗരസ്ത്യവുമായ പാരമ്പര്യങ്ങൾ ഉൾക്കൊള്ളുന്ന സീറോമലബാർ സഭയ്ക്ക് ഈ പാരമ്പര്യങ്ങളിൽ ഉറച്ചുനിന്നുതന്നെ പ്രേഷിതപ്രവർത്തനത്തിനുകഴിയും. അതിനുസാക്ഷ്യമാണ് വിവിധ മിഷൻ രൂപതകൾ. വിശ്വാസജീവിതത്തിന്റെ ആഴവും വളർച്ചയുമാണ് പ്രേഷിതാഭിമുഖ്യത്തിന് അടിസ്ഥാനമാകുന്നത്. പല ദേശത്തിന്റെയും സാമൂഹ്യവും സാംസ്ക്കാരികവും സാമ്പത്തികവുമായ വളർച്ചക്ക് സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾ ഇടയാക്കിയിട്ടുണ്ട് എന്ന് മേജർ ആർച്ച് ബിഷപ്പ് അനുസ്മരിച്ചു.

സമ്മേളനത്തിൽ മിഷൻവർഷാചരണസംഘാടകസമിതിയുടെ സെക്രട്ടറി റവ.ഫാദർ ജോസഫ് ചെറിയമ്പനാട്ട് വിവിധ സമിതികളുടെ ഉത്തരവാദിത്വങ്ങളും പ്രഖ്യാപിതപരിപാടികളും വിശദീകരിച്ചു.



